# ടി അർ കെ എച്ച് എസ് എസ്


# വാണിയംകുളം

# തേൻമൊഴികൾ



# ബേപ്പൂർ സുൽത്താൻ

ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്തുള്ള തലയോലപ്പറമ്പിൽ ജനിച്ചു. പ്രശസ്ത മലയാള



നോവലിസ്റ്റും ചെറുകഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു അദ്ദേഹം. ഒരു ജനകീയനായ എഴുത്തുകാരനെന്ന നിലയിലും അദ്ദേഹം പ്രശസ്തനായിരുന്നു. കായി അബ്ദുൽഖാദറിന്റെയും കുഞ്ഞാത്തുമ്മയുടെയും ആറുമക്കളിൽ മൂത്തവനായിരുന്നു ബഷീർ.

പ്രാഥമിക വിദ്യാഭ്യാസം വൈക്കം തലയോലപ്പറമ്പിലും വൈക്കം ഇംഗ്ലീഷ് മീഡിയം സ്കൂളിലുമായിരുന്നു. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ ഗാന്ധിജിയെ കാണാനായി ഒളിച്ചോടിയത് അദ്ദേഹത്തിന്റെ ജീവിതത്തിൽ വഴിത്തിരിവായി. അതിനുശേഷമാണ് സ്വാതന്ത്ര്യസമര രംഗത്തിലേക്ക് ഇറങ്ങിയത്.

1930 കോഴിക്കോട് വെച്ചു നടന്ന ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് ജയിലിലകപ്പെട്ടു. അതിനുശേഷം തീവ്രവാദ സങ്കടനകളുടെ മുഖപത്രത്തിൽ എഴുതിയ തീപാറി ലേഖനങ്ങളാണ് അദ്ദേഹത്തിന്റെ ആദ്യകാല കൃതികൾ. പാത്തുമ്മയുടെ ആട്, ബാല്യകാല സഖി, പ്രേമ ലേഖനം, മതിലുകൾ, ശബ്ദങ്ങൾ തുടങ്ങി ഒട്ടേറെ കൃതികൾ മലയാളികൾക്ക് സമ്മാനിച്ച ബഷീർ 1994 ജൂലൈയ് 5ന് നമ്മെ വിട്ട് പിരിഞ്ഞു.

# പെൻ ട്യൂബ്



പൊഴിയുന്നതെന്റെ
നിറച്ചോരയെന്നറികിലും
പിടിച്ചമർത്തുമ്പോൾ
ചുണ്ട് കീറി പൊട്ടുമെന്ന്
തോന്നിടുമ്പോഴും
വലിഞ്ഞു മുറുകുന്ന ഷൂസും
വസ്ത്രവും
എന്നെ മൂടുമ്പോഴും
ശ്വാസമെടുക്കാ-
നാവാത്ത വിധം കഴുത്തോളം തൊപ്പി-
യിറങ്ങി നിൽക്കുമ്പോഴും ഞാൻ
മുതിർന്നവരുടേയും കുട്ടികളുടെയും
നേട്ടത്തിനുള്ള ആയുധമായിട്ടും വരെ
എല്ലാം സഹിച്ചീടുന്നു......... പക്ഷേ,
ഈ ആയുധത്തെ
പ്രകൃതിയമ്മയ്ക്കു ളുപ്പുകയറായി
നൽകരുതേ

# നിഴൽ

ഒറ്റക്കിരിക്കുമ്പോൾ

ഒപ്പമുണ്ടാകുന്നോൻ

കുരുത്തക്കേടിനെല്ലാം

കരുതലായ് നിൽക്കുന്നോൻ

ചിരിക്കുമ്പോൾ ചിരുക്കുന്നോൻ

കരയുമ്പോൾ കരയുന്നോൻ

എന്നിലെ തെറ്റു കണ്ടാൽ

തല്ലാത്തോൻ

മറ്റുള്ളവർ കുറ്റപ്പടുത്തിയാൽ

കളിയാക്കാത്തോൻ

കറുത്ത ചങ്ങാതി

കണ്ണില്ലാ ചങ്ങാതി

മുടിയില്ലാ ചങ്ങാതി

നാവില്ലാ ചങ്ങാതി

എന്നുടെ സ്വന്തമാം

നിഴൽ ചങ്ങാതി.

ഗഗനാദ്



# നവമാധ്യമങ്ങളും വായനയും

ലോകം ഓരോ ദിവസവും ഓരോ നിമിഷവും ഇലക്ട്രോണിക്ക് സാങ്കേതിക വിദ്യയുടെ ലോകത്തേക്ക് പറന്നുയരുകയാണ്. അതുകൊണ്ടു തന്നെ ഈ ഒരു വിഷയത്തിന് സമൂഹത്തിൽ ഇന്ന് വലിയ പ്രസക്തിയാണുള്ളത്. നാമെല്ലാം ഇന്ന് ഇന്റർനെറ്റിന്റെ വലയത്തിലാണ്. മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ വഴി മികച്ച തൊഴിൽ സാധ്യതകളിലേക്ക് ഒരു വഴിയായി തീർന്നിരിക്കുന്നു ഈ സാങ്കേതിക വിദ്യയുടെ ലോകം. ലോകത്തിന്റെ ഏതു കോണ്ണുമുള്ള എല്ലാ വിവരങ്ങളും വിശദമായി ഇന്ന് നമ്മുടെ വിരൽ തുമ്പിൽ ലഭ്യമാണ്. ഇത്രയേറെ സവിശേഷതകളും പ്രത്യേകതകൾ ഉണ്ടെങ്കിൽ പോലും ഈ ഇന്റർനെറ്റിന്റെ സ്വപ്ന വെളിച്ചത്തിൽ വായനയെ ആരും കാണുന്നില്ല. യാർത്ഥത്തിൽ കാണാൻ ശ്രമിക്കുന്നുപോലുമില്ല. ഇരുട്ടിന്റെ വിദൂരതയിലേക്ക് വായന ഓരോ നിമിഷവും



നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത് ഒരിക്കലും അനുവദിച്ചുകൂടാ..... വായന മങ്ങുന്നതിലൂടെ ലോകം തന്നെ ഇരുട്ടിലേക്കാണ്. സഞ്ചരിക്കുന്ന വായനയെ തിരികെ കൊണ്ടുവരാൻ നാം മനുഷ്യർക്കു മാത്രമേ സാധിക്കുകയുള്ളൂ. വരാനിരിക്കുന്ന തലമുറക്ക് വായനയുടെ മൂല്യ സമ്പത്ത് പകർന്നു കൊടുക്കാൻ നമുക്കോരോരുത്തർക്കും കഴിയണം. അതിനുവേണ്ടി വായന എന്താണെന്നും അതിന്റെ പ്രാധാന്യമെന്തെന്നും ആദ്യം മനസ്സിലാക്കേണ്ടത് നാം വിദ്യാർത്ഥികളാണ്. നാം ഓരോരുത്തരുമാകണം ഇന്നത്തെ സമൂഹത്തിന് മാതൃകയാകേണ്ടത്. ഇന്ന് സമൂഹത്തിൽ നടക്കുന്ന അക്രമങ്ങൾക്കും ക്രൂരതകൾക്കും പിന്നിലുള്ള പ്രധാല ഘടകം അറിവില്ലായ്മയാണ്. അറിവുള്ള മനസ്സുകൊണ്ട് ഒരു പരുധി വരെ സമൂഹത്തെ തിന്മകളിൽ നിന്നും സംരക്ഷിച്ചു നിർത്താൻ സാധിച്ചേക്കും.അതിനായി വായനയെ നാം മുറുകെ പിടിക്കണം.

ഇന്നു മുതൽ ഇലക്ട്രോണിക്ക് സാങ്കേതിക വിദ്യയുടെ മറവിൽ വായന ഒരിക്കലും അകപ്പെടാതെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ലോകമെമ്പാടും തീവ്രപ്രകാശത്തോട് കൂടി വായന ഉയരണം. അതിനായി നാം കുട്ടികൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

# തിരുനെല്ലിയുടെ കഥാകാരി

തിരുനെല്ലിയുടെ കഥാകാരി എന്നറിയപ്പെടുന്ന വത്സല 1960-കൾ മുതൽ മലയാള സാഹിത്യ രംഗത്ത് സജീവമായിരുന്നു. മുഖ്യധാരയിൽ നിന്ന് അകന്ന് നിൽക്കുകയോ, അകറ്റപ്പെടുകയോ ചെയ്ത ഒരു സമൂഹത്തെയായിരുന്നു വത്സല തന്റെ കൃതികളിൽ പ്രതിഷ്ഠിച്ചത്. വയനാട്ടിലെ ആദിവാസികളുടെ ജീവിതത്തെ അടുത്തറിയുകയും മുൻവിധികളില്ലാതെ അതിനെപറ്റി എഴുതുകയും ചെയ്ത എഴുത്തുകാരി കൂടിയായിരുന്നു അവർ.

1939 ഓഗസ്റ്റ് 28-ന് കാനങ്ങാട് ചന്തുവിന്റെയും ഇ.പത്മാവതിയുടേയും മൂത്ത മകളായി ജനിച്ച വത്സലയുടെ പ്രാഥമിക വിദ്യാഭ്യാസം നടക്കാവ് സ്കൂളിലായിരുന്നു. സാഹിത്യ അക്കാദമി പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചു.

വയനാട്ടുകാരിയല്ലെങ്കിലും വയനാടിന്റെ കഥാകാരി എന്നൊരു വിശേഷണം കൂടിയുണ്ട് പി.വത്സലയ്ക്ക്. സ്ത്രീ മനസ്സിന്റെ ആഴങ്ങളേയും അടരുകളേയും വൈചിത്ര്യങ്ങളേയും തേടുന്നവയാണ് അവരുടെ ഒരു ശ്രദ്ധേയമായ ഒരു കൂട്ടം ചെറുകഥകൾ.



നെല്ല്, റോസ് മേരിയുടെ ആകാശങ്ങൾ, ആരും മരിക്കുന്നില്ല, ആഗ്നേയം,ഗൗതമൻ,പാളയം,ചാവേർ,അരക്കില്ലം,കൂമൻകൊല്ലി, ആദിജലം,വേനൻ,വെയിലുറങ്ങുന്ന വഴികൾ,തിരക്കിൽ അൽപ്പ സ്ഥലം,ഉണ്ണിക്കോരൻ ചതോപാധ്യായ അശോകനും അയാളും,കഥായനം,അരുന്ധതി കരയുന്നില്ല,ചാമുണ്ടിക്കുഴി എന്നിവയാണ് അവരുടെ പ്രധാന കൃതികൾ.

കുങ്കുമം അവാർഡ്, കേരളസാഹിത്യ അക്കാദമി പുരസ്കാരം, പത്മപ്രഭാ പുരസ്കാരം, സംസ്ഥാന ബാലസാഹിത്യ അവാർഡ്, ലളിതാംബിക അന്തർജനം അവാർഡ്, സി.വി കുഞ്ഞിരാമൻ സ്മാരക അവാർഡ്, ബാലാമണിയമ്മയുടെ പേരിലുള്ള അക്ഷരപുരസ്കാരം, പി.ആർ നമ്പ്യാർ അവാർഡ്, എം.ടി ചന്ദ്രസേനൻ അവാർഡ്, ചന്തുമേനോൻ അവാർഡ്, സദ്ഭാവന അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

2023 നവംബർ 21 ന് ഹൃദയാഘാതത്തെ തുടർന്ന് മരണപ്പെട്ടു.

# 1. ഒരു വട്ടം കൂടിയെൻ 2. ഓർമ്മകൾ

3. മലയാളത്തിലെ പ്രശസ്ത കവിയായിരുന്ന ഒ.എൻ.വി കുറുപ്പ്. 1931 മെയ് 27 ന് കൊല്ലം ജില്ലയിലെ ചവറയിൽ ഒ.എൻ കൃഷ്ണക്കുറുപ്പിന്റെയും ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി ഒ.എൻ.വി ജനിച്ചു. ഒ.എൻ.വി കുറുപ്പിന്റെ പൂർണ്ണനാമം ഒറ്റപ്ലാക്കിൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്നാണ്.

4. 1957 മുതൽ എറണാംകുളം മഹാരാജാസ് കോളേജിൽ അധ്യാപക നായി ഔദ്യോഗി ക ജീവിതം ആരംഭിച്ചു. തുടർന്ന് ഇരുപത്തഞ്ചു വർഷക്കാലം നിരവധി യൂണിവേഴ്സിറ്റി കോളേജുകളിൽ മലയാള വിഭാഗം തലവനായി സേവനമനുഷ്ഠിച്ചു. കേരളകലാമണ്ഡലത്തിലെ ചെയർമാൻ, കേരളസാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ നാടക ചലചിത്ര ഗാന മേഘലകളിലും ഒ.എൻ.വിയുടെ സംഭാവനകൾ മഹത്താണ്.



5. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അംഗമായിരുന്നു.

സാഹിത്യരംഗത്തെ സംഭാവനകളെ പരിഗണിച്ച് 2007 ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010 ൽ ലഭിച്ചു. 1998ൽ കേന്ദ്ര സർക്കാരിന്റെ പത്മശ്രീ,2011ൽ പത്മഭൂഷൻ. അഗ്നിശലഭങ്ങൾ എന്ന കൃതിക്ക് 1971ൽ കേരളസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. തുടർന്ന് അക്ഷരം എന്ന കൃതിക്ക് 1975ൽ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്. അഗ്നിശലഭങ്ങൾ, ഭൂമിക്കൊരു ചരമഗീതം, ഉപ്പ്, ഉജ്ജയിനി, വളപ്പൊട്ടുകൾ,ഭൈരവന്റെ തുടി, മരുഭൂമി, സ്വന്തം വരം, നാലുമണിപ്പൂക്കൾ, നറുമൊഴി, കറുത്ത പക്ഷിയുടെ പാട്ട്, മയിൽ പീലി, അക്ഷരം എന്നിവയാണ് ഒ.എൻ.വി കുറുപ്പിന്റെ പ്രധാന കൃതികൾ. 2016ഫെബ്രുവരി 13ന് തിരുവനന്തപുരത്ത് വെച്ച് അദ്ദേഹം അന്തരിച്ചു.

# എന്റെ കേരളം

ഇന്ത്യയുടെ തെക്കുപടിഞ്ഞാറെയറ്റത്തുള്ള സംസ്ഥാനമാണ് കേരളം. അറബിക്കടലിനും സഹ്യപർവ്വതത്തിനും ഇടയിലായി സ്ഥിതി ചെയ്യുന്ന ഈ ഭൂപ്രദേശത്തിന് 38863 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. കർണ്ണാടകവും തമിഴ് നാടുമാണ് കേരളത്തിന്റെ അയൽ സംസ്ഥാനങ്ങൾ. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് വിവിധ രാജാക്കന്മാർക്ക് കീഴിലുള്ള നാട്ടു രാജ്യങ്ങളായിരുന്നു കേരളം.



1949 ജൂലൈ ഒന്നിന് തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടു രാജ്യങ്ങൾ ചേർന്ന് തിരു-കൊച്ചി സംസ്ഥാനം രൂപീകരിച്ചു. ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ മദ്രാസ് സംസ്ഥാനത്തെ ഒരു ജില്ലയായിരുന്ന മലബാർ പിന്നീട് തിരുകൊച്ചിയോട് ചേർത്തതോടെ 1956 നവംബർ ഒന്നിനു ഇന്നത്തെ കേരള സംസ്ഥാനം നിലവിൽ വന്നു. മലയാളികളുടെ ദീർഘകാലത്തെ ആവശ്യമായിരുന്നു ഐക്യകേരളം.

വിവിധ സംസ്കാരങ്ങളുടെ സങ്കമ ഭൂമിയാണ് കേരളം. കേരളം എന്ന വാക്ക് എവിടെ നിന്നുണ്ടായി എന്നതിനെ ചൊല്ലി പണ്ഡിതന്മാരുടെ ഇടയിൽ പലതരം വാദങ്ങൾ ഉണ്ടായിട്ടുണ്ട്. മലയാളമാണ് ഇവിടുത്തെ മാതൃഭാഷ.



# ആകാശക്കോയ്ത്ത്

പഞ്ഞിക്കെട്ടുകൾ കായ്ച്ചു നിൽക്കും ആകാശമേ
അനന്തരമായി ഉയർന്ന് നിൽക്കും പൊൻ പാടമേ....

സൂര്യരാജന്റെ സിംഹാസനകീഴിലെ നീല പരവതാനിയേ
ചന്ദ്രൻ കണ്ണുമിഴിച്ചും ചുളിച്ചും അടച്ചും കിടന്നീടുന്നൊരി
കറുത്ത നൂലാൽ നെയ്ത്ത മെത്തയേ....

ആരോ നടക്കുമ്പോ കവറീന്നു ചാടിവീണ
ക്രിസ്തുമസിന് തൂക്കിക്കൊല്ലുന്ന പ്രതിയ്ക്ക്
നീ അവിടെ കിടക്കാൻ ഇടം കൊടുത്തില്ലേ....

ആരോ എൻ വീട്ടിലെ കലണ്ടറിൽ നിന്നുമെടുത്ത്
മുകളിലേക്കെറിഞ്ഞവരേ
ഉരുളൻ കല്ലുകളാക്കി
നീ സൂര്യന്റെ പ്രജകളാക്കിയില്ലേ....

എങ്കിൽ വന്നോട്ടെ ഒരു ദിനം ഞാനും
വിളവെടുപ്പിനു കൂട്ടു നിന്നീടുവാൻ........

# വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം...

പ്രശസ്ത കവിയും ജ്ഞാനപീഠ ജേതാവുമായ ശ്രീ. അക്കിത്തം അച്യുതൻ

നമ്പൂതിരി 1926 മാർച്ച് 18ന് പാലക്കാട് ജില്ലയിലെ കുമരനെല്ലൂരിൽ

ജനിച്ചു. അച്ഛൻ വാസുദേവൻ നമ്പൂതിരി. അമ്മ പാർവ്വതി അന്തർജനം.

ലളിതവും വ്യക്തവുമായ രചനാശൈലിയാണ് അദ്ദേഹത്തിന്റെ

കൃതികളുടെ മുഖമുദ്ര. ഇരുപതാം നൂറ്റാണ്ടിന്റെ

ഇതിഹാസം,ബലിദർശനം, ഇടിഞ്ഞുപൊളിഞ്ഞ ലോകം തുടങ്ങിയവ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ കൃതികളാണ്. 1972 കേരളസാഹിത്യ അക്കാദമി അവാർഡ്, 1973 ലെ ഓടക്കുഴൽ അവാർഡ്,

സാഹിത്യ അക്കാദമി അവാർഡ്,

1994 ലെ ആശാൻ സമ്മാനം 1997ലെ വള്ളത്തോൾ പുരസ്കാരം, 2008 ലെ എഴുത്തച്ഛൻ പുരസ്കാരം, 2012 ലെ വയലാർ അവാർഡ്, 2017 ലെ പത്മശ്രീ, 2019 ലെ ജ്ഞാനപീഠം എന്നിങ്ങനെ നിരവധി ബഹുമതികൾ കരസ്ഥമാക്കിയിട്ടുണ്ട്. 2020 ഒക്ടോബർ 15 ന് മലയാളത്തിന്റെ പ്രിയകവി നമ്മെ വിട്ട് പിരിഞ്ഞു.



## കാത്തിരിപ്പ്

കാത്തിരിക്കുമ്പോൾ ഞാൻ നിന്നെ ഓർക്കുന്നു
എന്റെ കണ്ണുകൾകൊണ്ടു
ഞാൻ നിന്റെ ചിത്രം വരയ്ക്കുന്നു
നിനക്കായ് എൻ മനസ്സിലൊരു
മനക്കൊട്ടാരം പണിയുന്നു
നിന്നെ ഞാൻ മേഘപാളികൾക്കിടയിലും
നിലാവിന്റെ മടിയിലും
ഇന്നെന്റെ മറവിലും തിരയുന്നു.
മലരുകൾ പൂത്തതും
ദളങ്ങൾ കൊഴിഞ്ഞതും
അറിഞ്ഞില്ല ഞാൻ
നിന്നെ ഞാൻ വാരിധിക്കിടയിലും
നീല മലകൾക്കിടയിലും
തേടിയലഞ്ഞു
കണ്ടില്ല ഞാനൊട്ടുമെങ്കിലും
എന്നു ഋതുക്കൾ വന്നാലും
കാത്തിരിക്കാം നിനക്കായി ഇനിയും



ഹരിശ്വർ. എസ്
8I

**ചെറിയ വാക്കുകൾ ചേർന്ന്**
**ചെറിയ വാചകങ്ങൾ....**
**ചെറിയ വാചകങ്ങൾ ചേർന്ന്**
**ചെറിയ ചിന്തകൾ....**
**ചെറിയ ചിന്തകൾ ചേർന്ന്**
**വലിയ ആശയങ്ങൾ....**
**വലിയ ആശയങ്ങളും**
**വായനക്കാരനും**
**കവിയും ചേർന്നപ്പോൾ**
**ഒന്ന് തീർച്ചയായി....**
**ചെറുത് വലുതായാലും**
**വലുത് ചെറുതായാലും**
**കവിത ചെറുതല്ല നിശ്ചയം!**



**അൽഗാമിയ**

# നന്ദി